LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന ശമ്പളം മാത്രം ലഭിച്ച ജീവനക്കാരുടെ കുടിശ്ശിക ആനുകൂല്യങ്ങൾ നൽകാനും പെൻഷൻ ഉറപ്പാക്കാനും നടപടി

13 [3383] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 ജനുവരി 16-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം പുതുതായി സർവ്വീസിൽ പ്രവേശിച്ച സർക്കാർ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളം മാത്രമേ നൽകിയിരുന്നുള്ളുവെന്നും ആയത് 2003 ജൂൺ മാസം പുനഃസ്ഥാപിച്ച് മറ്റ് അലവൻസുകളും നൽകി തുടങ്ങിയെങ്കിലും പിന്നിട്ട 15 മാസത്തെ അടിസ്ഥാന ശമ്പളത്തോടൊപ്പം ലഭിക്കേണ്ടിയിരുന്ന അലവൻസുകൾ ജീവനക്കാർക്ക് നൽകിയിട്ടില്ല എന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിശ്ശിക അലവൻസുകൾ നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ;

(സി) പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കും മറ്റു ജീവനക്കാരെ പോലെ പെൻഷൻ ആനുകൂല്യങ്ങൾക്ക് ഉറപ്പ് നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) പരിശോധിച്ച് വരുന്നു.

ജീവനക്കാരുടെ ശമ്പള പരിഷ്കരണം

14 [3384] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് ആദ്യമായി ശമ്പള പരിഷ്കരണം നടത്തിയത് എന്നായിരുന്നു; അതിനുശേഷം ഏതെല്ലാം വർഷങ്ങളിലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്; നാളിതുവരെയുള്ള ശമ്പള പരിഷ്കരണ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് അഞ്ചു വർഷത്തിലൊരിക്കൽ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്ന കീഴ്വഴക്കം നിലവിലുണ്ടോ;

(സി) ഈ കീഴ്വഴക്കം എപ്പോഴെല്ലാമാണ് ലംഘിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;